# സാമൂഹികസമ്പർക്ക മാധ്യമങ്ങളെ സംബന്ധിക്കുന്ന ഡിക്രി

**ഡോ. ഡോമിനിക്ക് വെച്ചൂർ, ബ്ര. തോമസ് തയ്യിൽ**

**ആമുഖം**: വത്തിക്കാൻ കൗൺസിലിന്റെ ഒൻപതു ഡിക്രികളിൽ ഒന്നാമത്തേതാണു സാമൂഹികസമ്പർക്കമാധ്യമങ്ങളെ സംബന്ധിക്കുന്ന ഡിക്രി. 1963 ഡിസംബർ 04–നാണ് ഈ രേഖ പ്രസിദ്ധീകൃതമായത്. ഇന്തെർ മിറിഫിക്കാ (inter mairifica = അതിശയകരമായ കണ്ടുപിടിത്തങ്ങളിൽ) എന്നാണ് ഈ രേഖയുടെ ഔദ്യോഗികനാമം. രണ്ട് അദ്ധ്യായങ്ങളിലായി 24 ഖണ്ഡികകളാണ് ഈ പ്രമാണരേഖയ്ക്കുള്ളത്. വത്തിക്കാൻ കൗൺസിലിന്റെ പ്രഖ്യാപിതലക്ഷ്യങ്ങളിലൊന്നായിരുന്ന സഭയും ലോകവും തമ്മിലുള്ള സംഭാഷണം സാധിതമാക്കാനുള്ള പ്രധാനപ്പെട്ട മാർഗ്ഗങ്ങളിലൊന്നു മാധ്യമങ്ങളാണെന്നുള്ള കൗൺസിലിന്റെ തിരിച്ചറിവാണ് ഇപ്രകാരം ഒരു ഡിക്രി രൂപം കൊള്ളുവാൻ ഇടയാക്കിയത്. ഒരു സാർവ്വത്രിക സൂനഹദോസ് മാധ്യമങ്ങളെക്കുറിച്ച് ഇപ്രകാരം ചർച്ചചെയ്യുന്നതു ചരിത്രത്തിലെ ഒരു പക്ഷേ ആദ്യത്തെ സംഭവമായിരിക്കാം. മാധ്യമരംഗത്തെക്കുറിച്ചുള്ള സഭയുടെ വീക്ഷണങ്ങളുടെ അടിസ്ഥാനപാഠങ്ങൾ നമുക്ക് ഈ രേഖയിൽ ദർശിക്കുവാൻ കഴിയും.

**പ്രധാനചിന്തകൾ**:

**i)** സമ്പർക്കമാധ്യമങ്ങളോടുള്ള സഭയുടെ ക്രിയാത്മക സമീപനം : മാനവ സമുദായത്തിന്റെ സമഗ്രവളർച്ചയ്ക്കും ദൈവരാജ്യത്തിന്റെ പ്രചാരത്തിനും മാധ്യമങ്ങൾക്കു വലിയ സംഭാവനകൾ നൽകുവാൻ കഴിയുമെന്നതിനാൽ മാധ്യമങ്ങളോടു വളരെ സർഗ്ഗാത്മകമായ നിലപാടുകളാണ് ഈ പ്രമാണരേഖയിലുടനീളം സഭാമാതാവ് പുലർത്തിയിരിക്കുന്നത്. അതുകൊണ്ടുതന്നെ മാധ്യമങ്ങളെയും വിവരസാങ്കേതികവിദ്യയുടെ വളരെ വേഗത്തിലുള്ള വളർച്ചയെയും സഭാമാതാവ് സന്തോഷപുരസ്സരം സ്വീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു (nos. 1-2). പ്രസിദ്ധീകരണമാധ്യമങ്ങളെയും ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളെയും വിവരസാങ്കേതികവിദ്യയുടെ വിവിധ മുന്നേറ്റങ്ങളെയും വളരെ പ്രതീക്ഷയോടെയാണു സഭ നോക്കിക്കാണുന്നത്. ആയതിനാൽ ഇവയുമായി ബന്ധപ്പെട്ട മൗലികതത്ത്വങ്ങളാണ് ഈ രേഖയിൽ പ്രതിപാദിക്കുന്നത്.

**ii)** മാധ്യമശുശ്രൂഷ സഭയുടെ ദൗത്യത്തിന്റെ ഭാഗം: ഈശോയുടെ തുടർച്ചയായ സഭയുടെ രക്ഷാകരദൗത്യത്തിന്റെ ഭാഗമായിട്ടാണു മാധ്യമശുശ്രൂഷയെ ഈ പ്രമാണരേഖ അവതരിപ്പിക്കുന്നത്. സകലജനങ്ങളും രക്ഷപ്രാപിക്കുവാൻ വേണ്ടിയാണു മിശിഹാനാഥൻ കത്തോലിക്കാസഭ സ്ഥാപിച്ചത്. അതുകൊണ്ട് അവൾ സുവിശേഷം അറിയിക്കുവാൻ ബാധ്യസ്ഥയാണ്. തന്നിമിത്തം സാമൂഹികസമ്പർക്കമാധ്യമങ്ങൾ ഉപയോഗിച്ചു രക്ഷയുടെ സുവിശേഷം യഥാവിധി അറിയിക്കുകയും അവയുടെ ശരിയായ ഉപയോഗത്തെപ്പറ്റി മനുഷ്യരെ പഠിപ്പിക്കുകയും ചെയ്യേണ്ടതു തന്റെ കടമയാണെന്നു സഭ വിശ്വസിക്കുന്നു (n. 3). അതിനാൽ മാധ്യമങ്ങൾ ഉപയോഗിക്കുവാനുള്ള അവകാശം സഭയുടെ ഒരു ജന്മാവകാശമാണെന്നു പിതാക്കന്മാർ പഠിപ്പിക്കുന്നു. മാധ്യമങ്ങളുടെ മേഖലയിൽ ശരിയായ ധാർമ്മിക മൂല്യങ്ങൾ വളർത്തേണ്ടതിന്റെ ആവശ്യകതയും പിതാക്കന്മാർ എടുത്തു പറയുന്നുണ്ട്.

**iii)** മാധ്യമധാർമ്മികതയുടെ പ്രധാനചിന്തകൾ : മാധ്യമങ്ങളുടെ ഉപയോഗം സംബന്ധിച്ചു ശരിയായ മന:സാക്ഷി രൂപവത്കരിക്കുവാൻ ഏവരെയും സഭാമാതാവ് പ്രത്യേകം ക്ഷണിക്കുന്നു. വാർത്തകൾ ശേഖരിക്കുന്നതും അറിയിക്കുന്നതും വസ്തുനിഷ്ഠവും സമ്പൂർണ്ണവും മാന്യവും യുക്തവും ആയിരിക്കണം (n.5). ധാർമ്മികനിയമങ്ങളും കലാരംഗത്തുണ്ടായിരിക്കണമെന്നു പറയപ്പെടുന്ന അവകാശ

ങ്ങളും വസ്തുനിഷ്ഠമായിത്തന്നെ പരിഗണിക്കപ്പെടണം (nos. 6-7). പൊതുജനാഭിപ്രായം രൂപവത്കരിക്കുവാനും പ്രകടിപ്പിക്കുവാനും മാധ്യമങ്ങൾ വഴി സാധിക്കും. ആദായമാർഗ്ഗമായി മാത്രം മാധ്യമങ്ങളെ ഉപയോഗിക്കുന്നതു പ്രോത്സാഹിപ്പിക്കാവുന്ന കാര്യമല്ല. യുവജനങ്ങളും കുട്ടികളും മാധ്യമങ്ങളുടെ ഉപയോഗത്തിന്റെ കാര്യത്തിൽ മിതത്വവും ആത്മനിയന്ത്രണവും പാലിക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ മാതാപിതാക്കൾക്കും മുതിർന്നവർക്കും ഉത്തരവാദിത്വപ്പെട്ടവർക്കും കടമയുണ്ടെന്നും പ്രമാണരേഖ ഓർമ്മിപ്പിക്കുന്നു (nos. 10-11). കലാകാരന്മാർക്കുള്ള സംഘടനാസ്വാതന്ത്ര്യവും ഗവൺമെന്റുകളുടെ ഉത്തരവാദിത്വവുമൊക്കെ പ്രമാണരേഖ ചർച്ചയ്ക്കു വിഷയീഭവിപ്പിക്കുന്നുണ്ട് (nos. 11-12).

**iv)** മാധ്യമശുശ്രൂഷയ്ക്ക് ഒരു കർമ്മരേഖ: ഈ പ്രമാണരേഖയുടെ രണ്ടാം അദ്ധ്യായം മുഴുവൻ സഭയുടെ മാധ്യമശുശ്രൂഷയ്ക്ക് ഒരു മാർഗ്ഗരേഖ വരച്ചുകാട്ടുകയാണ്. സമയവും സാഹചര്യവും ആവശ്യപ്പെടുന്നതുപോലെ സഭയുടെ പ്രേഷിതപ്രവർത്തനത്തിന്റെ എല്ലാ മേഖലകളിലും സമ്പർക്കമാധ്യമങ്ങൾ ഫലപ്രദമായി ഉപയോഗിക്കുവാൻ ദൈവജനം മുഴുവൻ ഉത്സാഹിക്കണം എന്നു കൗൺസിൽ ആഗ്രഹിക്കുന്നു. അജപാലകരും അത്മായസഹോദരങ്ങളും, സാങ്കേതികവും സാംസ്കാരികവും കലാപരവുമായ കഴിവുകൾ സഭയുടെ അജപാലന പ്രവർത്തനങ്ങൾക്കു നന്നായി ഉപയോഗപ്പെടുത്തണം. കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ സഭയുടെ നേതൃത്വത്തിൽ ആരംഭിക്കണമെന്നും സിനിമ, റേഡിയോ, നാടകം തുടങ്ങിയവയൊക്കെ ഫലപ്രദമായി പ്രേഷിതജോലികളിൽ ഉപയോഗപ്പെടുത്തണമെന്നും പിതാക്കന്മാർ ആഗ്രഹിക്കുന്നു. വൈദികർക്കും സന്യസ്തർക്കും അത്മായർക്കും മാധ്യമരംഗത്ത് ആവശ്യമായ പരിശീലനം നല്കണമെന്നും പിതാക്കന്മാർ നിർദ്ദേശിക്കുന്നുണ്ട്. സഭയുടെ വിവിധ തലങ്ങളിൽ മാധ്യമപ്രേഷിതത്വത്തിന്റെ വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്നും ഈ ഡിക്രി അനുസ്മരിപ്പിക്കുന്നു. സഭയുടെ സന്താനങ്ങൾ ഉദാസീനരായി രക്ഷയുടെ വചനം തടസ്സപ്പെടുത്തുകയോ താമസിപ്പിക്കുകയോ ചെയ്യുന്നത് അപലപനീയമാണെന്നതിനാൽ സത്യം സംരക്ഷിക്കുവാനും പ്രചരിപ്പിക്കുവാനും, മനുഷ്യസമുദായത്തിനു ക്രിസ്തീയരൂപം പകരാനും മാധ്യമങ്ങളെ ഉചിതമായ രീതിയിൽ ഉപയോഗപ്പെടുത്തണം എന്നതാണ് ഈ ഡിക്രിയുടെ പ്രധാന ചിന്താധാര. അൻപതു വർഷം മുമ്പുള്ള രേഖയായതുകൊണ്ടായിരിക്കാം കംപ്യൂട്ടർ–സൈബർസ്പെയ്സ് മേഖലകളെക്കുറിച്ച് ഈ രേഖയിൽ കാര്യമായ പരാമർശങ്ങൾ ഒന്നും തന്നെയില്ല. മാധ്യമധാർമ്മികത പോഷിപ്പിക്കുവാനും വളർത്തുവാനും ഈ രേഖയിലെ നിർദ്ദേശങ്ങൾ സഭാസമൂഹത്തിനു നേർരേഖയാകട്ടെ.